ഡി.വൈ.എഫ്.ഐ. ജില്ലാ സമ്മേളനം ഇന്നുമുതൽ മാവേലിക്കരയിൽ

ആലപ്പുഴ: ഡി.വൈ.എഫ്.ഐ. ജില്ലാ സമ്മേളനം ഇന്നുമുതൽ 18 വരെ മാവേലിക്കരയിൽ നടക്കും. സ്വാഗതസംഘം കൺവീനർ എം.എസ്. അരുൺകുമാർ എം.എൽ.എ. 6.45ന് പൊതുസമ്മേളന നഗറിൽ പതാക ഉയർത്തും. വൈകിട്ട് 3.30ന് നടക്കുന്ന പതാക ജാഥ ചാരുംമൂട് കരിമുളയ്ക്കലിലെ ജി. ഭുവനേശ്വരന്റെ സ്മൃതി മണ്ഡപത്തിൽ നിന്നാരംഭിക്കും. ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.എസ്. സുജാത ഉദ്ഘാടനം ചെയ്യും. ദീപശിഖയുമായുള്ള ജാഥ, കുറത്തികാട് വി. അജിത് രക്തസാക്ഷി മണ്ഡപത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. മഹേന്ദ്രൻ ഉദ്ഘാടനം ചെയ്യും. കൊടിമരവുമായുള്ള ജാഥ, ചുനക്കരയിൽ സുരേഷ് രക്തസാക്ഷി മണ്ഡപത്തിൽ കേന്ദ്ര കമ്മിറ്റിയംഗം ആർ. രാഹുൽ ഉദ്ഘാടനം ചെയ്യും. സ്വാഗതസംഘം ചെയർമാൻ ജി. അജയകുമാർ പതാകയും കൊടിമരവും ജി. ഹരിശങ്കർ ദീപശിഖയും ഏറ്റുവാങ്ങും.16ന് രാവിലെ 10.30ന് പ്രതിനിധി സമ്മേളനം മാവേലിക്കര താലൂക്ക് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ സംസ്ഥാന പ്രസിഡന്റ് വി. വസീഫ് ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് എസ്. സുരേഷ്കുമാർ അധ്യക്ഷത വഹിക്കും. 17ന് പ്രതിനിധി സമ്മേളനം തുടരും. 18ന് നടക്കുന്ന യുവജന റാലി കരയംവട്ടം ജംങ്ഷനിൽനിന്ന് വൈകിട്ട് 3.30ന് ആരംഭിക്കും. വൈകിട്ട് 4.30ന് ബുദ്ധ ജംഗ്ഷനിൽ ചേരുന്ന പൊതുസമ്മേളനം സജി ചെറിയാൻ എം.എൽ.എ. ഉദ്ഘാടനംചെയ്യും.

മനുഷ്യാവകാശ കമ്മിഷൻ സിറ്റിങ് ഇന്ന് ആലപ്പുഴ റസ്റ്റ് ഹൗസിൽ

ആലപ്പുഴ: മനുഷ്യാവകാശ കമ്മിഷൻ അംഗം വി. ഗീത ഇന്ന് 10.30ന് ആലപ്പുഴ പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ സിറ്റിങ് നടത്തുമെന്ന് കമ്മിഷൻ അറിയിച്ചു.

● പ്രവാസികൾക്ക് ലോകത്തിന്റെ എവിടെയിരുന്നും പരാതിപ്പെടാം

പ്രവാസി കമ്മിഷൻ വെബ്സൈറ്റ് അടുത്തമാസം മുതൽ: ജസ്റ്റിസ് സോഫി തോമസ്

ആലപ്പുഴ: പ്രവാസികൾക്ക് ലോകത്തിന്റെ എവിടെയിരുന്നും തങ്ങളുടെ പരാതികൾ സമർപ്പിച്ചു പരിഹാരം തേടാൻ പ്രവാസി കമ്മിഷന്റെ വെബ്സൈറ്റ് ഓഗസ്റ്റ് മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് പ്രവാസി കമ്മിഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ്. ആലപ്പുഴ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അവർ.പ്രവാസികളുടെ പരാതികൾ മാത്രമല്ല, പ്രവാസികളുടെ കുടുംബങ്ങൾ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായും കമ്മിഷനെ സമീപിക്കാം.

കമ്മിഷൻ കഴിഞ്ഞ വർഷം ഓഗസ്റ്റിൽ തുടങ്ങിയ അദാലത്ത് ആലപ്പുഴ ജില്ലയിലെ അദാലത്തോടെ പൂർത്തിയായിരിക്കുകയാണ്. അഞ്ഞൂറിലധികം കേസുകളാണ് എല്ലാ ജില്ലകളിലുമായി തീർപ്പാക്കിയത്. ഓരോ അദാലത്തിലും 30 മുതൽ 50 വരെ കേസുകളാണ് തീർപ്പാക്കിയിരുന്നത്.അടുത്ത അദാലത്ത് ഓഗസ്റ്റ് 11-ന് തിരുവനന്തപുരത്ത് നടക്കും. അദാലത്തിൽ വരുന്ന പരാതികളിൽ 70 ശതമാനവും വഞ്ചനാക്കേസുകളാണ്. പല പ്രവാസികളും വിദേശരാജ്യങ്ങളിൽ പോയി തൊഴിലുടമകളാൽ ചതിക്കപ്പെട്ട്, യാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കാതെ മടങ്ങിവരുന്ന അവസ്ഥയുണ്ട്. ഇതിൽ ശ്രദ്ധേയമായ കാര്യം ചതിക്കുന്നവരും ചതിക്കപ്പെടുന്നവരും നല്ലൊരു ശതമാനം മലയാളികളാണ് എന്നതാണ്. പരാതികൾക്ക് പരിഹാരം കാണുന്നതിന് പ്രവാസികൾക്കായി ഒരു കമ്മിഷൻ പ്രവർത്തിക്കുന്ന കാര്യം പലർക്കും അറിയില്ല. പരാതികൾ സമർപ്പിക്കാൻ വളരെ നാളുകൾ വൈകുന്നത് ഇതിന് പരിഹാരം കാണുന്നതിന് വലിയ തടസമായി മാറുന്നുണ്ട്.

പരാതികൾ കാലതാമസം കൂടാതെ എത്രയും പെട്ടെന്ന് കമ്മിഷനിൽ സമർപ്പിക്കുകയാണെങ്കിൽ ശക്തമായ നടപടിയെടുത്ത് അതിനു പരിഹാരം കാണാൻ സാധിക്കും.പത്താം ക്ലാസ്, പ്ലസ് ടു എന്നിവ കഴിഞ്ഞ് വിദേശത്ത് പോകുന്ന നല്ലൊരു ശതമാനം കുട്ടികളും അംഗീകാരമില്ലാത്ത സർവകലാശാലകളിൽ ചേരുന്ന സാഹചര്യമുണ്ട്. അങ്ങനെ പോകുന്ന കുട്ടികൾക്ക് അവിടെ പോയി മാന്യമായി ജീവിക്കുന്നതിനോ, നല്ല ഭക്ഷണം കഴിക്കുന്നതിനോ, താമസസൗകര്യങ്ങളോ ലഭിക്കാറില്ല. വിദേശരാജ്യങ്ങളിൽ പോയി ജോലി ചെയ്തശേഷം തിരിച്ചുവന്ന് സമ്പാദ്യം നിക്ഷേപിച്ചശേഷം അത് തിരിച്ചു കിട്ടാത്ത അവസ്ഥയുമുണ്ട്. പ്രവാസി വെൽഫെയർ അസോസിയേഷൻ എന്ന പേരുകളിലും പ്രവാസികൾ തട്ടിപ്പിനിരയാകുന്നുണ്ട്. വിദ്യാർഥികളും പ്രവാസികളും സ്ത്രീകളുമെല്ലാം തട്ടിപ്പിനിരയാകുന്നത് തടയാൻ വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നോർക്ക റൂട്ട്സ് വഴി നടത്തുന്നതിന് കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ട്. വിദേശത്ത് പഠിക്കാൻ പോകുന്ന വിദ്യാർഥികൾ ഏതൊരു സാമ്പത്തിക ഇടപാടുകൾ നടത്തുമ്പോഴും വീട്ടുകാരുമായി ആലോചിച്ചു മാത്രമേ ചെയ്യാവൂയെന്ന് അവർ പറഞ്ഞു.അദാലത്തിൽ കമ്മിഷൻ അംഗങ്ങളായ പി.എം. ജാബിർ, ഡോ. മാത്യൂസ് കെ ലൂക്കോസ്, എം.എം നജീന, ജോസഫ് ദേവസ്യ പൊന്നാങ്കൽ, അസിസ്റ്റന്റ് സെക്രട്ടറി ജി.എസ്. ബിന്ദു തുടങ്ങിയവർ പങ്കെടുത്തു.

സി.പി.എം. നേതൃത്വത്തിനെതിരേ രൂക്ഷവിമർശനവുമായി ജി. സുധാകരൻ

● 'ജനങ്ങൾ കൈകാര്യം ചെയ്തതുകൊണ്ടാണ് പാർട്ടി പരാജയപ്പെട്ടത്'

അമ്പലപ്പുഴ: ജനങ്ങൾ കൈകാര്യം ചെയ്തതു കൊണ്ടാണ് സി.പി.എം. പരാജയപ്പെട്ടതെന്ന് ജി. സുധാകരൻ എം.എൽ.എ. യു.ഡി.എഫ് വണ്ടാനത്ത് സംഘടിപ്പിച്ച ഐക്യ ദാർഢ്യസദസിൽ പ്രസംഗിക്കുകയായിരുന്നു സുധാകരൻ. ആലപ്പുഴ ജില്ലയിൽ ഒരു സീറ്റ് പോലും അടുത്ത തവണ കിട്ടില്ല. സുധാകരനെ കൈകാര്യം ചെയ്യുമെന്നാണ് ജില്ലാ സെക്രട്ടറി പറയുന്നത്.വകതിരിവുള്ളവർ സി.പി.എമ്മിനെ നയിച്ചില്ലെങ്കിൽ ഉള്ള വോട്ട് കൂടി പോകും.

സജി ചെറിയാൻ 30,000 വോട്ടിന് ജയിച്ചതായിരുന്നു. ഇത്തവണ 10,000 വോട്ടായി കുറഞ്ഞു. കുറച്ചുകൂടി ശ്രമിച്ചിരുന്നെങ്കിൽ അവിടെയും യു.ഡി.എഫ് ജയിച്ചേനെ. കേരളത്തിൽ മാത്രമാണ് കുറച്ചു വോട്ടുള്ളത്. അതും കുറഞ്ഞു വരികയാണ്. ആർ. നാസർ ജയിച്ച് മന്ത്രിയാകേണ്ട ആളാണ്. ഇതുവരെ എം.എൽ.എ പോലുമായിട്ടില്ല. വലിയ ആഗ്രഹമുണ്ട് നാസറിന്. ഏതെങ്കിലും സീറ്റിൽ ഇനി ജയിക്കാൻ പറ്റുമോ. സജി ചെറിയാൻ ഇനി ജയിക്കുമോ. പോയ സീറ്റ് വീണ്ടെടുക്കാൻ പറ്റുമോ. തന്റെ നാവിൽ ആണി അടിക്കണമെന്ന് സി.പി.എം നേതാവ് പ്രസംഗിച്ചു. ആണിയടിച്ച് കൊന്നത് യേശുക്രിസ്തുവിനെ അല്ലേ. കണ്ണിന് പകരം കണ്ണ് പല്ലിന് പകരം പല്ല് എന്നത് കാടൻ നിയമമാണ്. ഇത്തരം കാടൻ നിയമം ആണോ സി.പി.എമ്മിന്റേത്.

തന്നെ ആണിയടിക്കാൻ സി.പി.എം. ഓഫീസിൽ ആണി ഫാക്ടറി ഉണ്ടോ. ഇങ്ങനെ പ്രസംഗിക്കുന്ന സെക്രട്ടറിയെ മാറ്റണ്ടേ. താൻ അടച്ചിട്ട മുറിയിൽ ചർച്ച നടത്തിയെന്ന് വാർത്ത വന്നു.തന്റെ സുഹൃത്താണ് കായംകുളത്തെ സി.പി.എം. നേതാവ്. മുറി അടച്ചിട്ടാണ് സംസാരിച്ചത്. കാരണം മുന്നിൽ വരാന്തയാണ് അതാണ് മുറി അടച്ചിട്ടത്.

നിർക്കുന്നം സ്കൂളിൽ ഒമ്പത് കേസുകളിൽ പ്രതിയായ ആളാണ് എസ്.എം.സി. ചെയർമാൻ. ഇവിടെ നടന്ന അഴിമതിക്ക് എച്ച്.എമ്മും പഞ്ചായത്ത് സെക്രട്ടറിയും കൂട്ടുനിൽക്കുകയായിരുന്നു. ചെലവിന്റെ ബില്ലുകളും വൗച്ചറുകളുമൊന്നുമില്ല. യാതൊരു വിധ കണക്കുമില്ലാതെയാണ് ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചതെന്നും സുധാകരൻ പറഞ്ഞു.

സുധാകരനെതിരായ സി.പി.എം. നീക്കം കലാപം സൃഷ്ടിക്കാനെന്ന് എ.എ. ഷുക്കൂർ

ആലപ്പുഴ: അമ്പലപ്പുഴ എം.എൽ.എ. ജി. സുധാകരനെതിരായി ആലപ്പുഴ ജില്ലയിലെ സി.പി.എം. നേതൃത്വം ഗൂഢാലോചന നടത്തി പ്രതിഷേധങ്ങളുടെ പേരിൽ സംഘടിപ്പിക്കുന്ന സംഘർഷങ്ങൾ അമ്പലപ്പുഴയിൽ കലാപം ഉണ്ടാക്കാനുള്ള ശ്രമമാണെന്ന് കെ.പി.സി.സി. വൈസ് പ്രസിഡന്റ് എ. എ. ഷുക്കൂർ.

സി.പി.എമ്മിൽനിന്നു പുറത്തുപോയ ജനപ്രതിനിധികളായി തെരഞ്ഞെടുത്തു വന്ന മുൻകാല നേതാക്കൾക്കും ഭരണാധികാരികൾക്കും എതിരെ വലിയ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചിട്ട് ആർക്കാണ് എല്ലാം നഷ്ടപ്പെട്ടതെന്ന് സി.പി.എം നേതൃത്വം ഇപ്പോഴും മനസിലാക്കുന്നില്ലെന്നും ഷുക്കൂർ പറഞ്ഞു.

ഇത്തരം സംഘർഷവും ഗുണ്ടായിസവും ഗൂഢാലോചനയും ബോധപൂർവം നടത്തുമ്പോഴും സി.പി.എം. അണികൾ പാർട്ടിക്കെതിരായി നിലപാട് എടുക്കുന്നത് കണ്ടിട്ടും മൗനത്തിൽ ആയിരിക്കുന്ന സംസ്ഥാന സി.പി.എം. നേതൃത്വത്തിനും അമ്പലപ്പുഴയിലെ കലാപ നീക്കത്തിൽനിന്ന് ഒഴിഞ്ഞുമാറാനാകില്ല.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. പിന്തുണയുള്ള സ്ഥാനാർഥിയായ ജി. സുധാകരൻ തനിക്ക് വോട്ട് ലഭിക്കുന്നതിനായി ജനസമക്ഷം പറഞ്ഞ കാര്യങ്ങൾ എല്ലാം തന്നെ സത്യമാണെന്ന് തെളിയിക്കപ്പെടുന്ന വിജയമാണ് വോട്ടർമാർ നൽകിയത്. അമ്പലപ്പുഴയിൽ സിറ്റിങ് എം.എൽ.എയായിരുന്ന സി.പി.എം. സ്ഥാനാർഥിക്ക് ലഭിച്ച വോട്ടും കനത്ത പരാജയവും ജി. സുധാകരൻ പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങൾ നൂറ് ശതമാനം സത്യമാണെന്ന തെളിയിക്കുന്നതായിരുന്നെന്നും ഷുക്കൂർ പറഞ്ഞു.

സുധാകരൻ എം.എൽ.എക്കെതിരായ ജനവിരുദ്ധപ്രവർത്തനങ്ങളും സംഘർഷവും അവസാനിപ്പിച്ച് അമ്പലപ്പുഴയിലെ ജനങ്ങൾക്ക് സമാധാനം ഉറപ്പാക്കണമെന്നും ജനാധിപത്യപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സി.പി.എം. നേതൃത്വം തയാറാകണമെന്നും ഷുക്കൂർ ആവശ്യപ്പെട്ടു.

കട്ടച്ചിറ ജോൺ എഫ്. കെന്നഡി സകൂളിൽ മംഗളം അക്ഷരജ്യോതി ഇന്ന് മുതൽ

കായംകുളം: കുട്ടികളിൽ വായനശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ മംഗളം ആരംഭിച്ച അക്ഷരജ്യോതി പദ്ധതിയ്ക്ക് ഇന്ന് ഭരണിക്കാവ് കട്ടച്ചിറ ജോൺ എഫ്. കെന്നഡി സ്കൂളിൽ തുടക്കമാകും. ഭരണിക്കാവ് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. സൊസൈറ്റി പ്രസിഡന്റ് എ.മുരളി, സെക്രട്ടറി പി. ബിജുകുമാർ, പി.ടി.എ. പ്രസിഡന്റ് ഫാ.ജോർജ് പെരുമ്പട്ടേത്ത്, പ്രഥമാധ്യാപിക എ. ശ്രീലത, വി.എച്ച്.എസ്.എസ് പ്രിൻസിപ്പൽ ടി.എ. സുജാരിയാ റാണി,സ്കൂൾ മാനേജർ നന്ദകുമാർ, സുധീർ കട്ടച്ചിറ(മംഗളം),സർക്കുലേഷൻ സൂപ്പർവൈസർ കെ.എ ദീപക് കുമാർ , മംഗളം കട്ടച്ചിറ ഏജന്റ് കെ. വിജയൻ എന്നിവർ പങ്കെടുക്കും.

ജനസംഖ്യപക്ഷാചരണം: ജില്ലാതല ബോധവത്ക്കരണവും മത്സരങ്ങളും ഇന്നും നാളെയും

ആലപ്പുഴ: ലോകജനസംഖ്യ പക്ഷാചരണത്തിന്റെ ഭാഗമായുള്ള ജില്ലാതല ബോധവത്ക്കരണ പരിപാടി ഇന്ന് രാവിലെ 11ന് പാതിരപ്പള്ളി ആൽഫ ജീനിയസ് സ്കൂളിൽ എ.ഡി. തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ഡി. ശ്രീദേവി അധ്യക്ഷത വഹിക്കും. മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി ഡി അംബുജാക്ഷൻ പോസ്റ്റർ പ്രകാശനം നിർവഹിക്കും.

ഡോ. നീന ചന്ദ്രൻ ബോധവത്ക്കരണ ക്ലാസ് നയിക്കും.ജനസംഖ്യപക്ഷാചരണത്തോടനുബന്ധിച്ച് കോളജ്, ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി ജില്ലാ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന സംവാദമത്സരം 16ന് രാവിലെ 10ന് ജില്ലാ മെഡിക്കൽ ഓഫീസ് കോൺഫറൻസ് ഹാളിലും പ്രശ്നോത്തരി 16ന് ഉച്ചയ്ക്ക് രണ്ടിന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലും നടക്കും. ഇരുവിഭാഗങ്ങൾക്കും പ്രത്യേകമായാണ് മത്സരം. ഇന്ത്യയിലെ ജനസംഖ്യ: അവസരമോ വെല്ലുവിളിയോ? എന്ന വിഷയത്തിൽ നടക്കുന്ന സംവാദ മത്സരത്തിലെ ഓരോ വിഭാഗത്തിലെയും ആദ്യ മൂന്ന് വിജയികൾക്ക് 1000, 750, 500 രൂപ സമ്മാനം ലഭിക്കും.

സെൻസസ്, ആരോഗ്യവകുപ്പിന്റെ വിവിധ പദ്ധതികൾ, ജനസംഖ്യ നിയന്ത്രണം എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടത്തുന്ന പ്രശ്നോത്തരി മത്സരത്തിലെ ഓരോ വിഭാഗത്തിലും ആദ്യ മൂന്ന് സ്ഥാനത്തെത്തുന്ന ടീമുകൾക്ക് 2000, 1500, 1000 രൂപ വീതം സമ്മാനം ലഭിക്കും. ജൂലൈ 15 വൈകിട്ട് 5 വരെ രജിസ്റ്റർ ചെയ്യാം. ഫോൺ: 8848618331.

ക്വട്ടേഷൻ നോട്ടീസ്

NO. 4836326/2026 Date: 13.07.2026

ചെങ്ങന്നൂർ നഗരസഭ - ആരോഗ്യ വിഭാഗം - ചെങ്ങന്നൂർ നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് ഓരാൾക്ക് ഒരു വർഷത്തേക്ക് 4800 ഗ്രാം വെച്ച് 31 പേർക്ക് ഒരു വർഷത്തേക്ക് 148800 ഗ്രാം കാർബോളിക് സോപ്പ്, ഹെവി ഡ്യൂട്ടി റബർ ഹാൻഡ് ഗ്ലൗസ് - 62 എണ്ണം (മീഡിയം/ലാർജ്), സർജിക്കൽ മാസ്ക് 1000 എണ്ണം വാങ്ങുന്നതിന് സർക്കാർ സ്ഥാപനങ്ങൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഒന്നെത്തിനുള്ള നിരക്ക് രേഖപ്പെടുത്തി നിയമാനുസൃത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫോറങ്ങൾ 16.07.2026 മുതൽ 24.07.2026-ന് 1 പി.എം. വരെ നഗരസഭാ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

സീൽ ചെയ്ത ക്വട്ടേഷനുകൾ 24.07.2026-ന് 3 പി.എം. വരെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 4 പി.എം.നു ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ നഗരസഭാ കാര്യാലയത്തിൽ വെച്ച് തുറക്കുന്നതുമാണ്. അന്നേ ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ക്വട്ടേഷൻ തുറക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ദർഘാസുകൾ സംബന്ധിച്ച നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. പ്രവർത്തി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നഗരസഭാ ആരോഗ്യ വിഭാഗത്തിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്.

(ഒപ്പ്) സെക്രട്ടറി
ചെങ്ങന്നൂർ നഗരസഭ

ക്വട്ടേഷൻ നോട്ടീസ്

NO. 4836326-2026 Date: 13.07.2026

ചെങ്ങന്നൂർ നഗരസഭ - ആരോഗ്യ വിഭാഗം - ചെങ്ങന്നൂർ നഗരസഭയിലെ ശുചീകരണ തൊഴിലാളികൾക്ക് അളവിനനുസരിച്ച് ബ്രാൻഡഡ് കമ്പനികളുടെ റെയിൻകോട്ട് 31 എണ്ണം നഗരസഭയുടെ പേര് ആലേഖനം ചെയ്ത് നൽകുന്നത് ഉൾപ്പെടെ സർക്കാർ സ്ഥാപനങ്ങൾ/മറ്റു സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും നിരക്ക് രേഖപ്പെടുത്തി നിയമാനുസൃത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫോറങ്ങൾ 16.07.2026 മുതൽ 24.07.2026-ന് 1 പി.എം. വരെ നഗരസഭാ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

സീൽ ചെയ്ത ക്വട്ടേഷനുകൾ 24.07.2026-ന് 3 പി.എം. വരെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 4 പി.എം.നു ഹാജരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ നഗരസഭാ കാര്യാലയത്തിൽ വെച്ച് തുറക്കുന്നതുമാണ്. അന്നേ ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ക്വട്ടേഷൻ തുറക്കുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക കരാർ, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ക്വട്ടേഷനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ദർഘാസുകൾ സംബന്ധിച്ച നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. പ്രവർത്തി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നഗരസഭാ ആരോഗ്യ വിഭാഗത്തിൽ നിന്നും എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്.

(ഒപ്പ്) സെക്രട്ടറി
ചെങ്ങന്നൂർ നഗരസഭ

അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ചെറിയ കലവൂരിലെ അസാപ് കമ്യൂണിറ്റ് സ്കിൽ പാർക്കിൽ ഒഴിവുള്ള എക്സിക്യൂട്ടീവ് തസ്തികയിലേക്ക് കരാർ നിയമനത്തിന് (പരമാവധി രണ്ട് വർഷം) അപേക്ഷ ക്ഷണിച്ചു. ബന്ധപ്പെട്ട മേഖലയിൽ രണ്ട് വർഷത്തെ പ്രവൃത്തിപരിചയമുള്ള ബിരുദം/ബിരുദാനന്തര ബിരുദ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 18. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 94959 99682 എന്ന നമ്പറിൽ ബന്ധപ്പെടാം.

ഷാപ്പിൽവച്ചു യുവാവിന്റെ മൂക്ക് ഇടിച്ചുതകർത്ത പ്രതി മണിക്കൂറുകൾക്കുള്ളിൽ പിടിയിൽ

● വിമൽകുമാർ

മാന്നാർ: ഷാപ്പിൽവച്ചുണ്ടായ തർക്കത്തെത്തുടർന്ന് യുവാവിനെ ആയുധം ഉപയോഗിച്ച് ക്രൂരമായി മർദിച്ച പ്രതിയെ പോലീസ് മണിക്കൂറുകൾക്കുള്ളിൽ പിടികൂടി. വള്ളക്കാലി മേൽപ്പാടം ചിറ്റാടിയിൽ വീട്ടിൽ വിമൽകുമാ(41)നെയാണ് അറസ്റ്റ് ചെയ്തത്. മർദനത്തിനുശേഷം ഫോൺ സ്വിച്ച് ഓഫ് ചെയ്ത് രക്ഷപ്പെടാൻ ശ്രമിച്ച ഇയാളെ സുഹൃത്തിന്റെ ഫോണിലേക്ക് വന്ന ഒരു ഫോൺ കോൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലൂടെയാണ് പോലീസ് തന്ത്രപരമായി വലയിലാക്കിയത്. കഴിഞ്ഞ ശനിയാഴ്ച വൈകിട്ട് ആറോടെയായിരുന്നു സംഭവം.

തർക്കത്തെത്തുടർന്ന് പ്രതി ഇടിവള ഉപയോഗിച്ചാണ് യുവാവിനെ ക്രൂരമായി മർദിക്കുകയായിരുന്നു. മുഖത്തും മൂക്കിനും ഗുരുതരമായി പരുക്കേറ്റ യുവാവിനെ ആദ്യം പരുമലയിലെ സഹകരണ ആശുപത്രിയിലും വിദഗ്ധ ചികിത്സയ്ക്കായി മെഡിക്കൽ കോളജ് ആശുപത്രിയിലേക്കും മാറ്റി. പരാതി ലഭിച്ചയുടൻ മാന്നാർ പോലീസ് അന്വേഷണം ആരംഭിച്ചു. പ്രതിയുടെ ഫോൺ നമ്പർ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ ഇയാൾ നിൽക്കുന്ന സ്ഥലം മനസിലാക്കി പോലീസ് സംഘം അവിടേക്ക് എത്തിയെങ്കിലും പ്രതി ഫോൺ സ്വിച്ച് ഓഫ് ചെയ്ത് രക്ഷപ്പെട്ടിരുന്നു. തുടർന്ന് പ്രതിയുടെ സുഹൃത്തുക്കളെ പോലീസ് വിശദമായി ചോദ്യം ചെയ്യുകയും അന്വേഷണത്തിനിടയിൽ പ്രതിയുടെ ഒരു സുഹൃത്തിന്റെ ഫോണിലേക്ക് വന്ന ഒരു കോൾ പോലീസിന് നിർണായക വഴിത്തിരിവായി മാറുകയായിരുന്നു.

കേരള-തമിഴ്നാട് അതിർത്തിയിലേക്ക് കടക്കുന്നുണ്ടെന്ന് മനസിലാക്കിയ പോലീസ് പ്രതി എത്തുന്നതിന് മുമ്പുതന്നെ സ്ഥലത്ത് എത്തിച്ചേർന്ന് പ്രതിയെ സഹായിക്കാമെന്ന് പറഞ്ഞയാളുകളെ കണ്ടെത്തി ചോദ്യം ചെയ്തതിനെ തുടർന്ന് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ബസിൽ കമ്പത്തേക്ക് യാത്ര ചെയ്യുകയായിരുന്ന പ്രതിയെകട്ടപ്പന പുളിയന്മലയിൽവച്ച് പിന്തുടർന്ന് പിടികൂടുകയായിരുന്നു. വീയപുരം പോലീസ് സ്റ്റേഷനിൽ ഇയാൾക്കെതിരെ മറ്റ് കേസുകൾ നിലവിലുള്ളതായും പോലീസ് പറഞ്ഞു.ഇൻസ്പെക്ടർ ബിജു എസ്.വി, എ.എസ്.ഐ റിയാസ്, സി.പി.ഒമാരായ വിനീത്, സുമേഷ് ബാബു എന്നിവരടങ്ങുന്ന സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

കർക്കിടക തിരുനാളിന് ഇന്നു കൊടിയേറും

പുന്നപ്ര: മാർ ഗ്രിഗോറിയോസ് ഇടവക യൗസേപ്പിതാവിന്റെ തിരുന്നാളിന് ഇന്ന് കൊടികയറും. ഇടവക വികാരി ഫാ. ചെറിയാൻ കാരിക്കോമ്പിൽ കൊടി ഉയർത്തും. ഫാ. ഡോ. അനീഷ് ഈറ്റിയ്ക്കകുന്നേൽ (ഡയറക്ടർ ദനഹാലയ, പുന്നപ്ര) വിശുദ്ധ കുർബാന അർപ്പിക്കുന്നു. വചനസന്ദേശം, ജപമാല, നൊവേന എന്നിവയും ഉണ്ടായിരിക്കും. 19 ന് പട്ടണ പ്രദക്ഷിണം, പൂഴുക്കുനേർച്ച ചടങ്ങുകളോടെ തിരുനാൾ സമാപിക്കും.

കയർ പരിശീലന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: കയർ ബോർഡിന് കീഴിൽ ആലപ്പുഴ ജില്ലയിലെ കലവൂരിൽ പ്രവർത്തിക്കുന്ന ദേശിയ കയർ പരിശീലനം ആൻഡ് ഡിസൈൻ കേന്ദ്രത്തിലെ കയർ ആർട്ടിസാൻസ് (എൻ.എസ്.ക്യു.എഫ് ലെവൽ 3) സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. കോഴ്സിന്റെ ഭാഗമായി 6 മാസം പരിശീലനവും ഒരു മാസം ഇന്റേൺഷിപ്പുമുണ്ടായിരിക്കും. അപേക്ഷകർ സാക്ഷരരായിരിക്കണം. പ്രായം 18നും 50നും ഇടയിലായിരിക്കണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 3,000 രൂപ സ്റ്റൈപെൻഡ് അനുവദിക്കും. കോഴ്സ് സെപ്റ്റംബർ 11-ന് ആരംഭിക്കും. അപേക്ഷാഫോം കലവൂരിലെ ദേശീയ കയർ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്ന് പ്രവൃത്തിദിവസങ്ങളിൽ ലഭിക്കും. കൂടാതെ, കയർ ബോർഡിന്റെ വെബ്സൈറ്റായ www.coirboard.gov.in. ൽ